# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.38** | **23.01.2018-ൽ മറുപടിക്ക്**

**<u>പി.എസ്.സി.വഴിയുള്ള നിയമനം</u>**

**<u>ചോദ്യം</u>**
**ശ്രീ. റ്റി.വി.രാജേഷ്**

**<u>ഉത്തരം</u>**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് **1,54,386** പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2017 ഡിസംബർ 31 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി വഴി ജോലി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന 25.05.2016 മുതൽ 30.11.2017 വരെ ആകെ **59,872** പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 2018 ഡിസംബർ മാസത്തെ വിവരം പി.എസ്.സി. ക്രോഡീകരിച്ചു വരുന്നതേയുള്ളൂ. |
| (സി) | കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിനും കൂടുതൽ തസ്തികകളിലേക്ക് നിയമനം നൽകുന്നതിനും പി.എസ്.സി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (സി) | ഉദ്യോഗാർത്ഥികളുടെ അപേക്ഷാ സമർപ്പണം മുതൽ നിയമന ശിപാർശ വരെയുള്ള പ്രവർത്തനങ്ങളിൽ വേഗത, കൃത്യത എന്നിവ ഉറപ്പുവരുത്തുവാനും തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ വേഗത്തിലാക്കുവാനുമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2016 വരെയുള്ള കുടിശിഖ തീർപ്പാക്കൽ എന്ന ലക്ഷ്യം മുൻനിർത്തി കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്; എങ്കിൽ വിശദാംശം നൽകാമോ ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ